# ഉദാരവത്കരിക്കപ്പെടുന്ന പ്രത്യയശാസ്ത്രം

**സോവിയറ്റ്** യൂനിയനടക്കം കമ്യൂണിസ്റ്റ് ഭരണകൂടങ്ങളുടെ തിരോധാനം ഇന്ത്യയിലെ കമ്യൂണിസ്റ്റ് പാർട്ടികളെ പ്രത്യയശാസ്ത്ര ഉദാരവത്കരണത്തിന് പ്രേരിപ്പിക്കുന്നുണ്ട്. ഈ പരിവർത്തിത കമ്യൂണിസ്റ്റുകളെ, ആഗോളീകരണത്തിന്റെ ആഡംബരക്കെണി, മധുരിച്ചിട്ട് തുപ്പാനും വയ്യ കയ്ചിട്ട് ഇറക്കാനും വയ്യ എന്ന പരുവത്തിലെത്തിച്ചിരിക്കുന്നു. കമ്യൂണിസം വിഭാവനം ചെയ്യുന്ന സാമ്പത്തിക സമത്വം ഒരു ദിവാസ്വപ്നമായി അവശേഷിച്ചിരിക്കെ, സൈദ്ധാന്തിക കെട്ടുപാടുകളിൽ തർക്കിച്ച് ആയുസ്സ് പാഴാക്കുന്നത് വ്യർഥമാണെന്ന് തിരിച്ചറിഞ്ഞ പരിഷ്കരണവാദികൾ പാർട്ടിയിൽ മേൽക്കൈ ഉറപ്പിക്കുകയാണ്. പ്രത്യയശാസ്ത്ര വരട്ടുതത്ത്വവാദങ്ങളിൽ വരണ്ട് മുരടിക്കാതെ ഗോർബച്ചേവിയൻപ്രായോഗിക ബുദ്ധിയാണ് ഉചിതം എന്ന് വിശ്വസിക്കുന്നവരാണ് ഇപ്പോൾ പാർട്ടിയിൽ കൂടുതൽ.

എന്നാൽ, പാരമ്പര്യവാദികളുടെ പിടിവാശിയോ പരിഷ്കരണവാദികളുടെ ഇരട്ടത്താപ്പ് സൂത്രങ്ങളോ അടിസ്ഥാനവർഗത്തിന്റെ അസ്വസ്ഥതകൾക്ക് പരിഹാരമാവില്ല എന്നതാണ് വാസ്തവം.

മൂലധനശക്തികളുടെ ആർത്തിക്ക് പ്രതിവിധി ഇരകളുടെ വിലയ്ക്കെടുക്കാനാവാത്ത പോരാട്ടവീര്യവും നിശ്ചയദാർഢ്യവും ഐക്യവുമാണെന്ന് പ്ലാച്ചിമട, എക്സ്പ്രസ് വേ, കരിമണൽ ഖനനവിരുദ്ധ പോരാട്ടങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. ഫലേച്ഛയില്ലാത്ത സുമനസ്സുകളുടെ കൂട്ടായ്മയാണ് ഇതിനാവശ്യം.

**എം. അബ്ദുസ്സലാം**
**ചീക്കിലോട്**

## • കത്തുകൾ




# ആറു ദിവസത്തിന്റെ പൊരുൾ

**സൃഷ്ടിപ്പിനെക്കുറിച്ച്** ഖുർആൻ പറഞ്ഞ 'ആറു ദിവസങ്ങൾ' എത്ര ദൈർഘ്യമുള്ളതാണെന്ന് നമുക്കറിയില്ല. ബൈബിൾ വീക്ഷണപ്രകാരം സൃഷ്ടിപ്പിലെ ഒരു ദിവസം കൊണ്ട് ഉദ്ദേശിക്കുന്നത് 'സന്ധ്യയും ഉഷസ്സുമുള്ള' (ഉൽപത്തി 1:5) ഭൂമിയിലെ ഒരു ദിവസമാണ്. എന്നാൽ ഖുർആൻ അത്തരം പരാമർശങ്ങൾ നടത്തുന്നില്ല. 'യൗം'/'അയ്യാം' എന്നാണ് സൃഷ്ടിപ്പിന്റെ കാലത്തെ കുറിക്കാൻ ഖുർആൻ ഉപയോഗിച്ചത്. ഈ പദത്തിന് ദിവസം, കാലം, യുഗം എന്നീ അർഥങ്ങൾ കാണാം. അതുകൊണ്ട് 'യൗമി'ന് ഭൂമിയിലെ ഒരു ദിവസമെന്ന് പറയാൻ കഴിയാത്തതുപോലെ ഇത്ര വർഷമെന്നും പറയാനാവില്ല.

സെയ്തലവി തോട്ടുപൊയിലിന്റെ പ്രതികരണത്തിൽ (*പ്രബോധനം* ലക്കം 33) 6 ദിവസം 3 ലക്ഷം വർഷമാണെന്ന് കണ്ടു. കാരണം അല്ലാഹുവിങ്കൽ ഒരു ദിവസം 50,000 വർഷമെന്ന് പറഞ്ഞിട്ടുണ്ട് (ഖുർആൻ 70:4). എന്നാൽ മറ്റ് രണ്ടിടങ്ങളിൽ (22:47, 32:5) ആയിരം വർഷമാണെന്നും ഉണ്ട്. അതു പ്രകാരം 6000 വർഷമേ ആവുകയുള്ളൂ. യഥാർഥത്തിൽ ആയിരമെന്നതും അമ്പതിനായിരമെന്നതും രണ്ട് വ്യത്യസ്ത സംഭവങ്ങളുടെ ദൈർഘ്യമാണ് സൂചിപ്പിക്കുന്നത്. സമയത്തിന്റെ ആപേക്ഷിക സ്വഭാവമാണ് ഈ വചനങ്ങളിലൂടെ വ്യക്തമാകുന്നത്. സൃഷ്ടിപ്പിന്റെ ദിനങ്ങളാവട്ടെ മറ്റൊരു സംഭവവും. ഇതെത്രയാണെന്ന് ഖുർആൻ പറയാത്തതുകൊണ്ട് നമുക്ക് ഗണിക്കാനും സാധ്യമല്ല.

**കെ. സുഹൈറലി**
**തിരുവിഴാംകുന്ന്**

# ഒരു വിശദീകരണം

**ഞാനുമായി** നടത്തിയ സംഭാഷണത്തിൽ (2007 ജനുവരി 20) വന്ന രണ്ട് മൂന്ന് ചെറിയ തെറ്റുകൾ ചൂണ്ടിക്കാണിക്കുകയാണ്.

കെ.പി അബ്ദുൽ ഖാദിർ സാഹിബ് ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് ആയിരുന്നില്ല, ജില്ലാ പഞ്ചായത്ത് ഇൻസ്പെക്ടർ ആയിരുന്നു.

സി. അബൂബക്കർ മാസ്റ്റർ തലശ്ശേരി സ്വദേശിയാണ്, ഇരിക്കൂർ സ്വദേശിയല്ല.

1959-ൽ ഞാൻ ഇസ്സുദ്ദീൻ മൗലവിയെ ആദ്യമായി കണ്ട് സംസാരിച്ചത് *ദ മെസ്സേജ്* പത്രാധിപർ വി.പി അബ്ദുല്ല സാഹിബിന്റെ കൈക്കോട്ട്കടവത്തെ (തൃക്കരിപ്പൂർ) വീട്ടിൽ വെച്ചായിരുന്നു. അക്കാലത്ത് അബ്ദുല്ല സാഹിബ് സജീവ പ്രസ്ഥാന പ്രവർത്തകനായിരുന്നു. അഭിഭാഷകജോലി ഉപേക്ഷിച്ച് ഹാജി സാഹിബിനോടൊപ്പം എടയൂരിൽ താമസിച്ചായിരുന്നു *ദ മെസ്സേജ്* പ്രസിദ്ധീകരിച്ചത്.

**വി.കെ കുട്ടു, ഉളിയിൽ**

## ■ ചുരുക്കെഴുത്ത്

അടിച്ചമർത്തപ്പെട്ട ജനതയുടെ പ്രതീകമാണ് അഹ്മദ് ഖലീൽ. കഥാനായകന്റെ നൊമ്പരങ്ങൾ തന്മയത്വത്തോടെ അവതരിപ്പിച്ചിരിക്കുന്നു മർയം ജമീല.

**കുഞ്ഞീബി, അത്തോളി**

2006-ൽ നടത്തിയപോലെ *പ്രബോധനം* വിജ്ഞാനപ്പരീക്ഷ ഇക്കൊല്ലവും നടത്തണമെന്ന് അപേക്ഷിക്കുന്നു. ഉത്തരങ്ങൾ തുടർന്നുള്ള ലക്കങ്ങളിൽ പ്രസിദ്ധീകരിക്കണം. കഴിഞ്ഞ തവണ ഉത്തരം പ്രസിദ്ധീകരിച്ചുകണ്ടില്ല. അതുകൊണ്ടാണീ ഓർമപ്പെടുത്തൽ.

**മൊയ്തു പാലേരി**

## തിരുത്ത്

*പ്രബോധനം* ഹദീസ് പതിപ്പിൽ 'ഹദീസുകൾക്കൊരു ഇൻഡക്സ്' എന്ന തലക്കെട്ടിൽ നൽകിയ കുറിപ്പിലെ (പേജ്: 106) 'ഓറിയന്റലിസ്റ്റ് പണ്ഡിതൻ ലഫീഫ്' എന്നത് 'ഒരു സംഘം ഓറിയന്റലിസ്റ്റുകൾ' എന്ന് തിരുത്തി വായിക്കേണ്ടതാണ്. അബദ്ധം സംഭവിച്ചതിൽ ഖേദിക്കുന്നു.

**എഡിറ്റർ**